നമ്പർ. ഐസിഡിഎസ്/എ5-15262/11

സാമൂഹ്യക്ഷേമഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി :18-8-2011

## പരിപത്രം

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് – കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി - സ്കൂൾ കൗൺസലിംഗ് സെന്റുകൾ - ICDS പ്രവർത്തന മേഖല മാറ്റി നിശ്ചയിക്കലും ഫണ്ട് അനുവദിക്കലും-സംബന്ധിച്ച്

സൂചന : 1) സ.ഉ(എം.എസ്) നമ്പർ 96/2010 തിയതി : 15-12-10
2) ഈ ഓഫീസിൽ നിന്നുള്ള 20-6-11-ലെ ഇതേ നമ്പർ ഉത്തരവ്.

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 500 സ്കൂൾ കൗൺസിലിംഗ് സെന്ററുകളിൽ ഐസിഡിഎസ്. പ്രോജക്ടുകളുടെ പുനർവിഭജനത്തെതുടർന്ന് ഐസിഡിഎസ്. പ്രോജക്ട് പ്രദേശം മാറിയ സെന്ററുകളുടെ ബാങ്ക് അക്കൗണ്ട് ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഇപ്രകാരം മാറിയ പ്രോജക്ടിലേയ്ക്ക് 1-7-2011 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രേഖാമൂലം കൈമാറി വിവരം റിപ്പോർട്ടു ചെയ്യുവാൻ 2-ാം സൂചിത ഉത്തരവിൽ കൂടി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരോട് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഐസഡിഎസ്. പ്രോജക്ട് പ്രദേശം മാറിയ സ്കൂൾ കൗൺസലിംഗ് സെന്ററുകൾ ഉൾപ്പെടെ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ കൗൺസിലിംഗ് സെന്ററുകളുടേയും പ്രോജക്ടുതലത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ഈ ഓഫീസലേയ്ക്ക് അടിയന്തിരമായി അയച്ചുതരുവാൻ പ്രസ്തുത ഉത്തരവിൽ കൂടി എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ കൊല്ലം, പത്തനംതിട്ട,, ആലപ്പുഴ, കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നു മാത്രമേ നിർദ്ദിഷ്ട പ്രൊഫോർമയിൽ

GOVERNMENT OF KERALA - 2009

ശരിയായ വിധത്തിലുള്ള പ്രോജക്ട്തല ലിസ്റ്റ് തയ്യാറാക്കി നിർദ്ദേശിച്ചിരുന്ന പ്രകാരം അയച്ചു തന്നിട്ടുള്ളു. തിരുവനന്തപുരം, ഇടുക്കി പ്രോഗ്രാം ഓഫീസർമാരിൽ നിന്നും നാളിതുവരെ ലിസ്റ്റ് ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. മറ്റ് ജില്ലകളിൽനിന്നും ലഭിച്ച ലിസ്റ്റ് പരിശോധിച്ചതിൽ (1) ചില പ്രോഗ്രാം ഓഫീസർമാർ പുനർ വിഭജനത്തിനു മുൻപുള്ള പ്രോജക്ട് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ചില സെന്ററുകളുടെ നേരെ ------------- അധീഷണലിൽ ഉൾപ്പെടുന്നു എന്ന് അഭിപ്രായം കോളത്തിലോ, നിർദിഷ്ട പ്രൊഫോർമയിൽ അധികമായി ചേർത്ത കോളത്തിലോ രേഖപ്പെടുത്തിയിരിക്കുന്നു.

(2) മറ്റ് ചില പ്രോഗ്രാം ഓഫീസർമാർ വിഭജനത്തിന് മുമ്പുള്ള പ്രോജക്ടുകളിൽത്തന്നെ ജില്ലയിലെ എല്ലാ കൗൺസിലിംഗ് സെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഓരോ പ്രോജക്ട് പ്രദേശത്തും പ്രവർത്തിച്ചുവരുന്ന കൗൺസിലിംഗ് സെന്ററുകളുടെ പണ ഇടപാടുകളും, നിയന്ത്രണവും അതാത് ശിശു വികസന പദ്ധതി ഓഫീസർമാർക്കാണെന്നിരിക്കെ കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനുള്ള തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് മാത്രമേ അനുവദിച്ചു നൽകുവാൻ കഴിയുകയുള്ളു. ആകയാൽ 2011-12 വർഷത്തെ സ്കൂൾ കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനായുള്ള ഫണ്ട് മേൽ വിവരിച്ച പ്രകാരം കൗൺസിലിംഗ് സെന്ററുകളുടെ പ്രോജക്ട്തല ലിസ്റ്റ് ശരിയായ രീതിയിലാണ് സമർപ്പിച്ചിരിക്കുന്നതെന്ന് കണ്ട 8 ജില്ലകളിലെ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് മാത്രമേ അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടുള്ളു. ഓരോ ഐസിഡിഎസ്. പ്രോജക്ട് പ്രദേശത്തും പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററുകളുടെ എണ്ണം ലഭ്യമായിട്ടില്ലാത്തതിനാൽ മറ്റ് ഐസിഡിഎസ്. പ്രോജക്ടുകൾക്ക് 2011-12 വർഷത്തേയ്ക്കുള്ള ഫണ്ട് അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

6 ജില്ലകളിലെ കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനു കൂടി ഫണ്ട് അനുവദിച്ച് നൽകുന്നതിലേയ്ക്കായി ടി ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ 2ാം സൂചിത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊഫോർമയിൽ ജില്ലയിൽ പ്രവർത്തിക്കുന്ന

സ്കൂൾ കൗൺസിലിംഗ് സെന്ററുകളുടെ ലിസ്റ്റ് സ്പീഡ് പോസ്റ്റിൽ മടക്കതപാലിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1) ജില്ലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ ഐസിഡിഎസ്. പ്രോജക്ടുകളുടേയും പേര് ക്രമമായി 2-ാം കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
2) ഒരു ഐസിഡിഎസ്. പ്രോജക്ട് പ്രദേശത്ത് കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട പ്രോജക്ടിന് നേരെ 3 മുതലുള്ള കോളത്തിലായി രേഖപ്പെടുത്തിയിരിക്കണം.
3) 1-ാം സൂചിത ഉത്തരവ് പ്രകാരം പുനർ നിർണ്ണയിച്ചിട്ടുള്ള പല ഐസിഡിഎസ്. പ്രോജക്ടുകളുടേയും പേര് ചിലർ തെറ്റായി രേഖപ്പെടുത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള പല കാര്യങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതോടൊപ്പം ഭാവിയിൽ പല പ്രശ്നങ്ങൾക്കും കാരണമാകുവാനും സാദ്ധ്യതയുണ്ട്. ആകയാൽ 1-ാം സൂചിത ഉത്തരവിനോടൊന്നിച്ചുള്ള സ്റ്റേറ്റ്മെന്റിലെ 2, 5 എന്നീ കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പേരിലാണ് യഥാക്രമം നിലവിലുണ്ടായിരുന്നതും (163 എണ്ണം) പുതുതായി രൂപീകരിച്ചതുമായ (95 എണ്ണം) ഐസിഡിഎസ്. പ്രോജക്ടുകൾ അറിയപ്പെടുന്നതെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാ പേരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രോജക്ടുകളുടെ പേര് ഇപ്രകാരം തന്നെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൗൺസിലിംഗ് സെന്ററുകളുടെ ബാങ്ക് അക്കൗണ്ട് കൈമാറ്റത്തിൽ ചില ശിശു വികസന പദ്ധതി ഓഫീസർമാർ ഫോൺ മുഖേന സംശയങ്ങൾ ഉന്നയിച്ചുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

1) കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്ന സ്കൂളിനു സമീപത്തുള്ള ദേശസാൽകൃത ബാങ്കിലാണ് കൗൺസിലിംഗ് സെന്ററിനായി PTA

പ്രസിഡന്റിന്റേയും ശിശു വികസന പദ്ധതി ഓഫീസറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്.

2) സ്കൂൾ കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്ന പ്രദേശം ഐസിഡിഎസ്. പുനർ വിഭജനത്തെ തുടർന്ന് മറ്റൊരു പ്രോജക്ട് പരിധയിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിൽ ആ കൗൺസിലിംഗ് സെന്ററിന്റെ അക്കൗണ്ടിൽ മുൻ ശിശു വികസന പദ്ധതി ഓഫീസറുടെ പേരിന് പകരം പുതിയ ശിശു വികസന പദ്ധതി ഓഫീസറുടെ പേര് (By designation) ചേർത്ത് അതേ ബാങ്കിൽ തന്നെ ശിശു വികസന പദ്ധതി ഓഫീസറുടേയും PTA പ്രസിഡന്റിന്റേയും ജോയിന്റ് അക്കൗണ്ടായി നിലനിർത്തേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ.

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
2) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

ജികെ/